ഭരണഭാഷ - മാതൃഭാഷ

**പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നടപടിക്രമം**

**(സാന്നിധ്യം. മനോജ് കുമാർ പി വി)**

വിഷയം:- പൊതു വിദ്യാഭ്യാസം – ജീവനക്കാര്യം – അന്തർജില്ലാ സ്ഥലംമാറ്റം – 2023–24 HST ഗണിതം തസ്തിക യിൽ – സ്ഥലംമാറ്റം നൽകി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതു സംബ .

പരാമർശം:-
1. സർക്കാർ ഉത്തരവ് (കൈ) നം 120/99/പൊ.വി.വ. തിയതി 25/05/1999.
2. സർക്കാർ ഉത്തരവ് (പി) നം 42/2012/ഉ.ഭ.പ.വ. തിയതി. 23/08/2012
3. സർക്കാർ ഉത്തരവ് (പി) നം 6/2018/പൊ.വി.വ. തിയതി 23/01/2018.
4. സർക്കാർ ഉത്തരവ് (അച്ചടി) നം 27/2021/പൊ.വി.വ. തിയതി 24/12/2021.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.10.2023 തീയ്യതിയിലെ എ1/11483/2023/ഡി.ജി.ഇ. നമ്പർ സർക്കുലർ
6. ഈ കാര്യാലയത്തിലെ 06.12.2023 തിയ്യതിയിലെ ഇതേ നമ്പർ താൽക്കാലിക ഉത്തരവ്
7. അദ്ധ്യാപകരുടെ ഓൺലൈൻ അപേക്ഷകൾ

**ഉത്തരവ് നമ്പർ : DDEPKD/4911 /2023-A1 തീയതി : 19/12/2023**

പാലക്കാട് റവന്യൂ ജില്ലയിലെ സർക്കാർ സ്കൂളിലേയ്ക്കുള്ള അദ്ധ്യാപകരുടെ 2023 - 24 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ നിന്നും അപേക്ഷകരുടെ സീനിയോറിറ്റി പരിഗണിച്ച് ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന അദ്ധ്യാപികയെ അവരുടെ പേരിനോടൊപ്പം ചേർത്തിരിക്കുന്ന സ്കൂളിലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച താഴെപ്പറയുന്ന അദ്ധ്യാപികയുടെ സർവീസ് സീനിയോറിറ്റി, പാലക്കാട് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. പാലക്കാട് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി അദ്ധ്യാപകർ ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന ഈ തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നതിനു മുമ്പായി മേൽ സൂചിപ്പിച്ച വിവരമടങ്ങുന്ന സത്യപ്രസ്താവന അധ്യാപകരിൽ നിന്നും ശേഖരിച്ച്, ഓഫീസ് മേധാവി മേലൊപ്പ് ചാർത്തി സേവന പുസ്തകത്തിൽ പതിപ്പിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ

വരുത്തേണ്ടതാണ്. സർക്കാർ ഉത്തരവ് (കൈ) നം. 94/2003/പൊ.വി.വ. തിയതി 23/04/2003 പ്രകാരം പിന്നോക്ക / ദുർഘട മേഖലകളിലേക്ക് സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ പ്രസ്തുത മേഖലകളിൽ 5 വർഷം സേവനം പൂർത്തിയാക്കേണ്ടതാണ്. തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചതെന്ന് ബോദ്ധ്യപ്പെട്ടാൽ ഈ ഉത്തരവ് പുനഃപരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും. 23.08.2012ലെ സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പര് 42/2012/ഉ.ഭ.പ.വ. പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകർ ഈ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച ശേഷം നിരീക്ഷണ കാലയളവ് പുതിയതായി പൂർത്തീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പേരും തസ്തികയും, നിലവിൽജോലി ചെയ്യുന്ന സ്കൂളും,ജില്ലയും | സ്ഥലമാറ്റം നൽകി നിയമിച്ച സ്കൂള് | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| 1 | ശ്രീമതി. അനിത.എസ്,<br>HST ഗണിതം<br>GGVHSSപെരിന്തൽമണ്ണ, മലപ്പുറം. | ജിഎച്ച്എസ് പട്ടാമ്പി | |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അനുമതിയോടെ ഉത്തരവ് തിയ്യതി മുതൽ 14 ദിവസത്തിനുള്ളിൽ വിടുതൽ ചെയ്യേണ്ടതും, സ്ഥലംമാറ്റം ലഭിച്ച സ്കൂളിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. അദ്ധ്യാപകരുടെ പ്രവേശന വിവരം ബന്ധപ്പെട്ട പ്രധാനദ്ധ്യാപകർ യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Office of the Deputy Director ★ Education, Palakkad ★
Date..........

19/12/2023

മനോജ് കുമാർ പി വി (പെൻ : 293301)
വിദ്യാഭ്യാസ ഉപഡയറക്ടർ
പാലക്കാട്.

സ്വീകർത്താവ്: 1.വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം

2. പ്രധാനാധ്യാപകൻ, GGVHSS പെരിന്തൽമണ്ണ
3. പ്രധാനാധ്യാപകൻ, GHSപട്ടാമ്പി
4. ശ്രീമതി. അനിത . എസ് , HST ഗണിതം(പ്രധാനധ്യാപകൻ മുഖേന)
5. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്, കരുതൽ ഫയൽ